**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 276** **07-10-2024 - ൽ മറുപടിയ്ക്ക്**

**റേഷൻ വ്യാപാരി ക്ഷേമനിധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി സ്റ്റീഫൻ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | റേഷൻ വ്യാപാരി ക്ഷേമനിധി മെച്ചപ്പെടുത്തുന്നതിന് സർക്കാർ സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമെന്ന് അറിയിക്കാമോ; വിശദമാക്കാമോ? | (എ) | കേരള റേഷൻ വ്യാപാരി ക്ഷേമനിധിയുടെ സുഗമമായ പ്രവർത്തനത്തിലേയ്ക്കായി സ.ഉ (സാധാ)നം.270/2020/ഭപൊവിവ തീയതി 9.9.2020 പ്രകാരം മൂന്ന് കോടി രൂപ സിവിൽ സപ്ലൈസ് ഡയറക്ടറുടെ പി.ഡി അക്കൗണ്ടിൽ നിന്നും അനുവദിച്ച് നൽകുകയും, പ്രസ്തുത മൂന്ന് കോടി രൂപയിൽ നിന്നും കുടിശ്ശിക ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതി ലേക്കായി 1,94,88,000/- രൂപ (ഒരു കോടി തൊണ്ണൂറ്റി നാല് ലക്ഷത്തി എൺപ്പതി എണ്ണായിരം രൂപ) പിൻവലിച്ച് ഉപയോഗിക്കുന്നതിന് 28.01.2021 ലെ സ.ഉ (സാധാ)നം.43/2021/ഭപൊവിവ പ്രകാരം അനുമതി നൽകിയിട്ടുള്ളതുമാണ്. ബാക്കിയുള്ളതും ജില്ലാ ട്രഷറിയിൽ സ്ഥിര നിക്ഷേപം ചെയ്തിട്ടുള്ളതുമായ 1,05,12,000/- (ഒരു കോടി അഞ്ച് ലക്ഷത്തി പന്ത്രണ്ടായിരം രൂപ) പിൻവലിക്കുന്നത് പരിഗണിക്കുന്നതിലേയ്ക്കായി കമ്മീഷണർ നൽകിയ ശുപാർശയിൽ നടപടികൾ സ്വീകരിച്ച് വരുന്നു. കൂടാതെ റേഷൻ വ്യാപാരികൾക്ക് കൂടുതൽ സഹായകരമാകുന്ന രൂപത്തിൽ 1998 ലെ കേരള റേഷൻ വ്യാപാരി ക്ഷേമനിധി ആക്റ്റ് കാലാനുസൃതമായി പരിഷ്കരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. ഇതിനു പുറമെ 23.06.99 ൽ ക്ഷേമ നിധി രൂപീകരണത്തിന്റെ പ്രാരംഭ ചിലവുകൾക്കായി 50,00,000/-രൂപയും (അൻപ്പത് ലക്ഷം) 29.03.2006 ൽ ക്ഷേമനിധിയുടെ വികസന പ്രവർത്തന ങ്ങൾക്കായി 2,00,00,000/- രൂപയും (രണ്ട് കോടി) സിവിൽ സപ്ലൈസ് ഡയറക്ടറുടെ പി.ഡി അക്കൗണ്ടിൽ നിന്നും അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ